# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4624 – 22/03/2018-ലെ മറുപടിക്ക്

### റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കൽ

**ചോദ്യം** **ഉത്തരം**

ശ്രീ. എസ്. ശർമ്മ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. പി. കെ. ശശി
ശ്രീ. സി.കെ. ഹരീന്ദ്രൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | മുൻ സർക്കാർ പാസ്സാക്കിയ 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷാവസാനത്തോടെ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നും ധനകമ്മി ജി.എസ്.ഡി.പി.യുടെ മൂന്ന് ശതമാനമായി കുറയ്ക്കണമെന്നും ഉള്ള വ്യവസ്ഥ പാലിച്ചിരുന്നോ; 2011-15 കാലയളവിൽ കടബാധ്യത-ജി.എസ്.ഡി.പി. അനുപാതത്തിൽ വന്ന മാറ്റം അറിയിക്കാമോ; | 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷാവസാനത്തോടെ റവന്യൂ കമ്മി ഇല്ലാതാക്കണമെന്നും ധനകമ്മി ജി.എസ്.ഡി.പി.യുടെ മൂന്ന് ശതമാനമായി കുറയ്ക്കണമെന്നും ഉള്ള ധനലക്ഷ്യങ്ങൾ കൈവരിക്കുവാൻ സംസ്ഥാനത്തിന് സാധിച്ചിരുന്നില്ല. 2011-15 കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത-ജി.എസ്.ഡി.പി. അനുപാതം ചുവടെ പറയും പ്രകാരമാണ്. (ശതമാനത്തിൽ) |

| | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| കടബാധ്യത/ ജി.എസ്.ഡി.പി. | 29.04 | 29.64 | 26.71 | 26.05 |

| | ചോദ്യം | ഉത്തരം |
|---|---|---|
| ബി | ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിന്റെ സാമ്പത്തിക ബാധ്യത നിലവിലെ സർക്കാരിന്റെ കാലത്തേക്ക് മാറ്റിയിട്ടും മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തിക സ്ഥിതി പരിതാപകരമായിരുന്നുവോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ വളർച്ചയെ മുരടിപ്പിക്കാതിരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സാമ്പത്തിക പ്രവണത തുടർന്നിരുന്നുവെങ്കിൽ സംസ്ഥാനം ഫലത്തിൽ 2017-18 ഓടെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് പോകുമായിരുന്നു. സംസ്ഥാനം വർഷത്തിൽ ഭൂരിഭാഗം സമയത്തും ഓവർഡ്രാഫ്റ്റിൽ ആകുമായിരുന്നു എന്നു മാത്രമല്ല സംസ്ഥാനത്തിന്റെ വികസനവും വളർച്ചയും നിശ്ചലം ആകുകയും 2021 ഓടെ സംസ്ഥാനത്തിന്റെ റവന്യൂകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.25%ത്തിൽ എത്തുകയും ധനകമ്മി ഉയർന്ന തോതിൽ എത്തുകയും ചെയ്യുമായിരുന്നു. ബജറ്റ് വിഹിത പ്രകാരമുള്ള ക്ഷേമ ചെലവുകൾക്കോ, വികസന പരിപാടികൾക്കോ ചെലവഴിക്കാൻ പണം ഇല്ലാത്ത അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുമായിരുന്നു. |

| | | |
|---|---|---|
| | | സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടയ്ക്കൽ എന്നിവയിൽ സംസ്ഥാനം നിശ്ചയമായും വീഴ്ച വരുത്തുമായിരുന്നു.<br>നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിരുന്നു. കൂടാതെ റവന്യൂ ചെലവിലുണ്ടായ വർദ്ധനവും സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും വികസന/പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ ഫലമായി മുൻ വർഷം ഇതേ കാലയളവിൽ നടന്ന പദ്ധതിചെലവുകളെക്കാൾ അധിക പദ്ധതിചെലവ് ഇതേസമയം നടത്താനായിട്ടുണ്ട്. വാർഷിക പദ്ധതിയുടെ ഭാഗമായി ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപക്കുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടു വരികയാണ്. ബാക്കി പദ്ധതികൾക്ക് 2018-19 -ൽ അംഗീകാരം നൽകും. കിഫ്ബി വഴിയുള്ള ഈ വൻനിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>ജി.എസ്.ടി. യുടെ ഭാഗമായി ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നു ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. |

| | | |
|---|---|---|
| സി | മൂലധന ചെലവിലും വികസന ചെലവിലും വെട്ടിക്കുറവു വരുത്താതെ റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കാൻ എന്തു തന്ത്രമാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ? | ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ച്ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.51 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**